ഗ്രാമപഞ്ചായത്ത് :

പ്രസിഡന്റ്	-	4600
വൈസ് പ്രസിഡന്റ്	-	3300
സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ	-	2100
അംഗങ്ങൾ	-	1500

(ബി) ഇപ്പോൾ പരിഗണനയിലില്ല.

മുൻ ജനപ്രതിനിധികൾക്ക് പെൻഷൻ

175 (1933) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശഭരണ വകുപ്പിലെ തെരഞ്ഞെടുക്കപ്പെട്ട മുൻ ജനപ്രതിനിധികൾക്ക് പെൻഷൻ നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ :

(ബി) ഗ്രാമ പഞ്ചായത്തുകൾക്ക് ഫോട്ടോകോപ്പി മെഷിനും കമ്പ്യൂട്ടറും വാങ്ങുവാൻ അവസരം നൽകുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് പെൻഷൻ നൽകാനാവുമോ എന്നതിന്റെ സാദ്ധ്യത സർക്കാർ പരിശോധിക്കുന്നുണ്ട്.

(ബി) സ്റ്റോർ പർച്ചേസ് മനുവലിലെ വ്യവസ്ഥകൾക്ക് വിധേയമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വാങ്ങലുകൾ സംബന്ധിച്ച് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കും മാർഗ്ഗ നിർദ്ദേശങ്ങൾക്കും അനുസൃതമായും ഗ്രാമപഞ്ചായത്തുകൾക്കുതന്നെ ഫോട്ടോകോപ്പി മെഷിനും കമ്പ്യൂട്ടറും മറ്റ് ഓഫീസ് ഉപകരണങ്ങളും വാങ്ങാവുന്നതാണ്.

പൊതുജനങ്ങൾക്ക് അസൗകര്യമുണ്ടാക്കുന്ന സ്ഥലങ്ങളിൽ മദ്യഷാപ്പുകൾ സ്ഥാപിക്കുന്നതിനെതിരെ നടപടി

176 (1934) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മദ്യഷാപ്പുകൾ പൊതുജനങ്ങൾക്ക് അസൗകര്യമുണ്ടാക്കുന്ന സ്ഥലങ്ങളിൽ സ്ഥാപിക്കപ്പെടുന്നതിനെതിരെ സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും പ്രത്യേകിച്ച് വടക്കൻ ജില്ലകളിൽ വൻതോതിൽ ഉയർന്നുവരുന്ന പ്രക്ഷോഭ സമരങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ :

LIBRARY ARCHIVES Kerala Legislative Assembly